Web
5026/31/10
III/ 3വ

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് - സ്റ്റേഡിയം നിർമ്മാണം - വിവിധ വകുപ്പുകളിൽ നിന്നും ഏറ്റെടുക്കുന്ന സ്ഥലത്തിന് പകരമായി സ്ഥലം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3776/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ഒക്ടോബർ 28, 2008.

പരാമർശം:
1. നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 08-04-2008-ലെ V(3)-ാം നമ്പർ തീരുമാനം.
2. നെടുങ്കണ്ടം ബോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 04-08-2008 -ലെ IV-ാം നമ്പർ തീരുമാനം..
3. പഞ്ചായത്ത് ഡയറക്ടറുടെ 22-09-2008-ലെ സി.2-8819/08 നമ്പർ കത്ത്.

ഉത്തരവ്

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ അത്യന്താധുനിക നിലവാരത്തിലുള്ള ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനായി, വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഏറ്റെടുക്കുന്ന 0.5625 ഹെക്ടർ സ്ഥലത്തിന് പകരമായി ചെമ്പകക്കുഴിയിലുള്ള സർവ്വേ നം.148,149,188ലുള്ള സ്ഥലത്തു നിന്നും 0.5625 ഹെക്ടർ സ്ഥലം വിട്ടുനൽകുന്നതിനും ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമാകുന്ന (നെടുങ്കണ്ടം പോലീസ് സ്റ്റേഷൻവക) 0.3337 ഹെക്ടർ സ്ഥലത്തിന് പകരമായി, ജില്ലാ സാക്ഷരതാ മിഷന്റെ സ്ഥലത്തോട് ചേർന്നുള്ള സർവ്വെ നം.143, സബ് ഡിവിഷൻ 529-ലുള്ള 0.1869 ഹെക്ടർ സ്ഥലം കൈമാറുന്നതിനും നെടുങ്കണ്ടം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വിട്ടു നൽകുന്ന 0.2606 ഹെക്ടർ സ്ഥലത്തിന് പകരമായി സർവ്വെ നം. 148, 149, 188-ൽപ്പെട്ട ചെമ്പകക്കുഴിയിലുള്ള 0.2606 ഹെക്ടർ സ്ഥലം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുനൽകുന്നതിനും പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിലേക്ക് അനുമതിക്കായി സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു. അതോടൊപ്പം നെടുങ്കണ്ടം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് സർവ്വെ നം.143-ൽ പ്പെട്ട 0.2606 ഹെക്ടർ സ്ഥലം കൈമാറുന്നതിന് നെടുങ്കണ്ടം ബോക്ക് പഞ്ചായത്ത് പരാമർശം (2) പ്രകാരം തീരുമാനിച്ച് അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. നെടുങ്കണ്ടം ഗ്രാമ പഞ്ചായത്തിന്റെ പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ പരാർശം (3) പ്രകാരം അനുകൂല നടപടികാംക്കായി ശുപാർശ ചെയ്തിട്ടുണ്ട്.

(മറുപുറം)

2. ഈ സാഹചര്യത്തിൽ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1)-ലേയും നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ പരാമർശം (2)-ലേയും തീരുമാനങ്ങളുടേയും അപേക്ഷയുടേയും പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ ഖണ്ഡിക (1)-ൽ പ്രസ്താവിച്ചിട്ടുള്ള സ്ഥലം കൈമാറ്റങ്ങൾക്ക് നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിനും നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.മധുസൂദനൻപിള്ള,**
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് , ഇടുക്കി ജില്ല.

സെക്രട്ടറി, നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് , ഇടുക്കി ജില്ല.

ജില്ലാ കളക്ടർ, ഇടുക്കി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ വകുപ്പ്.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ആഭ്യന്തര വകുപ്പ്.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.